## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2295

13.02.2013ൽ
മറുപടിക്ക്

### തിരുവനന്തപുരം മംഗലാപുരം അതിവേഗ റെയിൽപാതയുടെ സർവ്വേ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം-മംഗലാപുരം അതിവേഗ റെയിൽ പദ്ധതിയുടെ സർവ്വേ ജോലിയുടെ പുരോഗതി വ്യക്തമാക്കാമോ;<br><br>ബി) പദ്ധതിക്കെതിരായ വ്യാജ പ്രചരണങ്ങളെത്തുടർന്ന് സർവ്വേ നിർത്തി വച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>സി) എങ്കിൽ, ഇതിന് പിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്തുന്നതിനും സർവ്വേ പുനഃസ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) (ബി) & (സി) ഈ പദ്ധതിയുടെ അലൈൻമെന്റ് സർവ്വേ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ചുവെങ്കിലും പൊതുജനങ്ങളുടെ എതിർപ്പ് കാരണം ആയത് നിറുത്തി വെച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ജനങ്ങളിൽ ഉളവായിട്ടുള്ള അടിസ്ഥാനരഹിതമായ ആശങ്കയാണ് ഇക്കാര്യത്തിൽ ഉയർന്നുവന്ന വ്യാപകമായ എതിർപ്പിന്റെ അടിസ്ഥാന കാരണം. ജനങ്ങളുടെ ആശങ്ക ദുരീകരിക്കുന്നതിനായി എല്ലാ പത്രങ്ങളിലും പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കിക്കൊണ്ട് ബഹു.മുഖ്യമന്ത്രി പ്രസ്താവന ഇറക്കുകയുണ്ടായി. കൂടാതെ ആശങ്ക ദുരീകരിക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി എല്ലാ എം.എൽ.എ/എം.പി മാരുടെയും ഒരു യോഗം വിളിച്ചുകൂട്ടി പദ്ധതിയുടെ വിവിധ വശങ്ങളെക്കുറിച്ച് വിശദീകരിക്കുകയുണ്ടായി. കൂടാതെ സർവ്വേ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ